## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തീവ്രവാദ പ്രവർത്തനങ്ങൾ തടയാൻ നടപടി

1(271) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. നൈഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇത്തരം പ്രവർത്തനം നടക്കുന്നത്;

(ബി) ഈ പ്രവർത്തനം നിർമ്മാർജ്ജനം ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) തീവ്രവാദവുമായി ബന്ധപ്പെട്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ : എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) ഇത്തരം പ്രവണത ഫലപ്രദമായി അമർച്ച ചെയ്യാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവെയും ഏതെങ്കിലും ജില്ലകളിൽ പ്രത്യേകിച്ചും ഗുരുതര സ്വഭാവമുള്ള തീവ്രവാദ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ചില മതമൗലികവാദ സംഘടനകൾ അവരുടെ അനുയായികളെ മതതീവ്രവാദ ചിന്തകൾക്ക് അടിപ്പെടുത്താൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പോലീസും രഹസ്യാന്വേഷണ വിഭാഗവും ഇത്തരം മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത തീവ്രവാദ സ്വഭാവമുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

കണ്ണൂർ ജില്ല:

1 (ഒന്ന്) (Cr.No. 356/08/എടയ്ക്കാട് പി.എസ്.)

കോഴിക്കോട് ജില്ല:

2 (രണ്ട്) കസബ പി.എസ്. Cr.No.80/06 നടക്കാവ് പി.എസ്. Cr.No.81/06 (കോഴിക്കോട് ബസ് സ്റ്റാൻഡിൽ നടന്ന ബോംബ് സ്ഫോടനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ല:

3 (മൂന്ന്) കളമശ്ശേരി പി.എസ്. Cr.No.469/05) (തമിഴ്നാട് ബസ് കത്തിച്ച കേസ്), ബിനാനിപുരം പി.എസ്. Cr.No.159/06, മൂവാറ്റുപുഴ പി. എസ് Cr.No.704/10 (കോളേജ് അധ്യാപകന്റെ കൈപ്പത്തി വെട്ടി മാറ്റിയ കേസ്)

കോട്ടയം ജില്ല:

1 (ഒന്ന്) മുണ്ടക്കയം പി.എസ്. Cr.No. 257/08

(ഡി) സംസ്ഥാനത്തെ തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി പോലീസും രഹസ്യാന്വേഷണ വിഭാഗവും നിരന്തരം ജാഗ്രത പുലർത്തുന്നുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ ഫലപ്രദമായി നിരീക്ഷിക്കുന്നതിനായി ആഭ്യന്തര സുരക്ഷാ വിഭാഗവും കേസുകൾ അന്വേഷിക്കുന്നതിനായി പുതിയതായി ഒരു ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗത്തേയും (ISIB) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗം ഇതുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണങ്ങൾ നടത്തിവരുന്നു.

**തീവ്രവാദ കേസ്സുകളിൽ എൻ.ഐ.എ. അന്വേഷണം**

2 (272) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീവ്രവാദ സ്വഭാവമുള്ള ഏതൊക്കെ കേസുകളിൽ സമഗ്ര അന്വേഷണം നടത്തണമെന്നാണ് ദേശീയ അന്വേഷണ ഏജൻസി (എൻ.ഐ.എ.) തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇവയിൽ ഏതൊക്കെ കേസുകൾ എൻ. ഐ. എ. ഏറ്റെടുത്തുകഴിഞ്ഞു ;

(സി) ഇക്കാര്യം സംബന്ധിച്ച് പുതിയതായി ഏതെങ്കിലും കേസുകൾ എൻ.ഐ.എ.യുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്ത് നൽകിയത് എന്നാണ് ;

(ഇ) ഇനിയും ഏതെല്ലാം കേസുകളിൽ കേന്ദ്ര ഏജൻസി അന്വേഷണം നടത്തണമെന്നാണ് സർക്കാർ കരുതുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബിനാനിപുരം പി.എസ്. ക്രൈം നമ്പർ 159/2006, മുണ്ടക്കയം പി.എസ്. ക്രൈം നമ്പർ 257/2008, എടയ്ക്കാട് പി.എസ്. ക്രൈം നമ്പർ 356/2008, കളമശ്ശേരി പി.എസ്. ക്രൈം നമ്പർ 469/2005, കസബ് പി.എസ്. ക്രൈം നമ്പർ 80/2006 നടക്കാവ് പി.എസ്. ക്രൈം നമ്പർ 81/2006 എന്നീ കേസ്സുകൾ എൻ.ഐ.എ. ഏറ്റെടുത്തിട്ടുണ്ട്.

(സി) ഉണ്ട്.